Website: https://neezhoorpanchayat.lsgkerala.gov.in/
email : njrkdyktym@gmail.com
Phone : 04829-263660

ഞീഴൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം

(ഐ.എസ്.ഒ 9001:2015 സർട്ടിഫൈഡ്)
ഞീഴൂർ പി.ഒ, കോട്ടയം -686612, ഫോൺ-04829-263660

6142438/2026 11/11/2026

ലേലം പരസ്യം

ഞീഴൂർ ഗ്രാമപഞ്ചായത്തിൽ കാട്ടാമ്പാക്ക് ഗവ. എൽ പി സ്കൂളിൽ മുറിച്ച് സൂക്ഷിച്ചിട്ടുള്ള പ്ലാവ് മരങ്ങളും, 4 -ാം വാർഡിൽ കണക്കഞ്ചേരി സാംസ്കാരിക നിലയത്തിന് സമീപം നിൽക്കുന്ന ആഞ്ഞിലി, പ്ലാവ്, കുടംപുളി എന്നീ മരങ്ങളും, 20/11/2026 വെള്ളിയാഴ്ച പകൽ 11 മണിക്ക് ഞീഴൂർ ഗ്രാമപഞ്ചായത്തിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നു. ലേലം ചെയ്ത് വിൽക്കുന്ന മരങ്ങളുടെ വിവരണം താഴെ പട്ടികയിൽ ചേർക്കുന്നു.

ക്രമ നം	ഇനം	നീളം (CM)	വണ്ണം (CM)	വ്യാപ്തം (M3)	വില	EMD
1	പ്ലാവ്	670	94	0.37	6142	
2	പ്ലാവ്	450	78	0.171	2838	1000

നം	ഇനം	ചുറ്റവണ്ണം	വ്യാപ്തം m3		ആകെ	EMD
			തടി	വിറക്		
1	ആഞ്ഞിലി	235	1.929	2.579	76683	5000
2	പ്ലാവ്	157	1.247	0.87	63413	
3	കുടംപുളി	153	1.247	0.87	4754	

ലേലത്തിൽ പങ്കെടുക്കുന്നവർ EMD തുക പഞ്ചായത്തിൽ അടവാക്കിയ രസീത് ഹാജരാക്കേണ്ടതാണ്. ലേല തുകയുടെ 18% ജി എസ് ടി യും, 5.25% ഫോറസ്റ്റ് ഡവലപ്പ്മെന്റ് ടാക്സും ലേലതുക കൂടാതെ അടവാക്കേണ്ടതാണ്. പട്ടികയിൽ പറയുന്ന വിലയ്ക്കോ, അതിനേക്കാൾ കൂടിയ വിലയ്ക്കോ ലേലം വിളിക്കുന്ന ആളിന്റെ പേർക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും തുടർന്ന് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ലേലം അംഗീകരിച്ചു നൽകുന്നതുമാണ്. ലേലം അംഗീകരിച്ച 3 ദിവസത്തിനുള്ളിൽ മുഴുവൻ തുകയും പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. ഏതൊരു ലേലവും യാതൊരു കാരണവും കാണിക്കാതെ പഞ്ചായത്ത് കമ്മറ്റിക്ക് റദ്ദ് ചെയ്യാൻ അധികാരമുണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ പഞ്ചായത്ത് ഓഫീസിൽ നിന്നും പ്രവർത്തി സമയങ്ങളിൽ ലഭ്യമാക്കുന്നതാണ്. ലേലം നടത്താൻ നിശ്ചയിച്ചിട്ടുള്ള തീയതി ഏതെങ്കിലും കാരണവശാൽ അവധിയാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം ടി സ്ഥലത്തും സമയത്തും ലേലം നടത്തുന്നതാണ്. ഗവൺമെന്റിന്റെ സാധാരണ ലേലം/ ക്വട്ടേഷൻ വ്യവസ്ഥകൾ എല്ലാം ഈ ലേലത്തിനും ബാധകമായിരിക്കും. മതിയായ തുക ലഭിക്കാതെ വരികയോ, മറ്റേതെങ്കിലും കാരണങ്ങളാലോ ലേലം മാറ്റി വയ്ക്കുന്നതിന് പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

ഞീഴൂർ
11/11/2026

സെക്രട്ടറി
ഞീഴൂർ ഗ്രാമപഞ്ചായത്ത്

THE NEEZHOOR GRAMA PANCHAYAT KOTTAYAM DIST NEEZHOOR

SECRETARY
Njeezhoor Gramapanchayat